# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:648 — 29.06.2015-ൽ മറുപടിയ്ക്ക്

## ഒറ്റപ്പെട്ട കിടക്കുന്ന ആദിവാസി കേന്ദ്രങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | വനമേഖലകളിൽ ഒറ്റപ്പെട്ടു കിടക്കുന്ന ആദിവാസി കേന്ദ്രങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ പട്ടിക്വർഗ്ഗ ക്ഷേമ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) | വനമേഖലകളിൽ ഒറ്റപ്പെട്ട് കിടക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിലേയ്ക്കായി സങ്കേതങ്ങൾക്കുള്ളിൽ പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക സ്കൂളുകൾ, പെരിപ്പതറ്റിക് സെന്ററുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ വഴി കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. ടി സങ്കേതങ്ങളിലെ കുട്ടികളുടെ സെക്കന്ററി, ഹയർ സെക്കന്ററി തലങ്ങളിലെ പഠനം സാധ്യമാക്കുന്നതിലേക്കായി ഗോത്രസാരഥി പദ്ധതി വഴി വാഹന സൗകര്യവും , പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ആശ്രമം സ്കൂളുകൾ എന്നിവയിൽ കുട്ടികൾക്ക് താമസിച്ച് പഠിയ്ക്കുന്നതിനുള്ള സൗകര്യവും ലഭ്യമാക്കുന്നു. ഉൾവനങ്ങളിലുള്ളതും വന്യ മൃഗ ഭീഷണിനേരിടുന്നതും ഒറ്റപ്പെട്ടുകിടക്കുന്നതുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് വാഹനസൗകര്യം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുക വഴി പട്ടികവർഗ്ഗ കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഒഴിവാക്കുകയാണ് ഗോത്രസാരഥി എന്ന പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. |
| ബി) | ഇനിയും സ്കൂളിൽ പോയിട്ടില്ലാത്ത പട്ടികവർഗ്ഗക്കാരായ എത്ര കുട്ടികൾ സംസ്ഥാനത്ത് ഉണ്ട്; | ബി) | പത്തനംതിട്ട ജില്ലയിൽ നടപ്പുവർഷം ഇനിയും സ്കൂളുകളിൽ പോയിട്ടില്ലാത്ത മലപ്പണ്ടാര വിഭാഗത്തിൽപ്പെട്ട (നൊമാഡിക്) 4 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| സി) | പെരുനാട് പഞ്ചായത്തിലെ അട്ടത്തോട്ടിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഈ വർഷം അട്ടത്തോട് ഗവ.ട്രൈബൽ എൽ.പി.സ്കൂൾ ആരംഭിച്ച വിവരം പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്കൂൾ ആരംഭിക്കാനായി എന്തൊക്കെ സഹായസഹകരണങ്ങളാണ് വകുപ്പ് നൽകിയത് എന്ന് വിശദമാക്കാമോ; | സി) | ഉണ്ട്.<br>അട്ടത്തോട് ഗവ.ട്രൈബൽ എൽ.പി.സ്കൂൾ പ്രവർത്തനമാരംഭിയ്ക്കുന്ന വിവരം എസ്.റ്റി.പ്രൊമോട്ടർമാർ വഴി വ്യാപകമായ പ്രചാരണം നടത്തുകയും, പരിസര പ്രദേശങ്ങളിലെ പട്ടികവർഗ്ഗക്കാരായ എല്ലാ കുട്ടികളെയും ടി സ്കൂളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വനമേഖലകളിൽ ഒറ്റപ്പെട്ട് കിടക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിലെയും വിദൂര പട്ടികവർഗ്ഗ കോളനികളിലെയും കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കൂളുകളിൽ പോയി പഠിക്കുന്നതിനുള്ള യാത്രാസൗകര്യം ഒരുക്കുന്ന ഗോത്രസാരഥി പദ്ധതി പ്രകാരം ടി സ്കൂളിൽ പഠിയ്ക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സ്കൂളിൽ പഠിയ്ക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവ വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | സ്കൂളിന് സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നത് പഞ്ചായത്തിന് വൻ ബാദ്ധ്യതയാകും എന്നുള്ളതിനാൽ സ്കൂൾ പട്ടികവർഗ്ഗ ക്ഷേമവകുപ്പ് ഏറ്റെടുക്കാൻ എന്തെങ്കിലും നടപടിയുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

Haripriya

സെക്ഷൻ ഓഫീസർ